(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

അംഗീകാരം നഷ്ടപ്പെട്ട വിദ്യാലയങ്ങൾ

* 27 [27] ശ്രീ. എ. കെ. ശശീന്ദ്രൻ:

,, പി. വിജയദാസ്:

,, ടി.പി. പീതാംബരൻമാസ്റ്റർ:

,, കെ. ശങ്കരനാരായണപിള്ള:

,, വി.സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളുടെ നടത്തിപ്പിൽ ക്രമക്കേടുകൾ കണ്ടതിനെ തുടർന്നു ഏതെങ്കിലും വിദ്യാലയത്തിന്റെ അംഗീകാരം പിൻവലിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) ഏതെല്ലാം കാരണങ്ങളുടെ അടിസ്ഥാനത്തിൽ ആണ് അംഗീകാരം പിൻവലിക്കുവാൻ ഉത്തരവു പുറപ്പെടുവിച്ചത്?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്):

(എ) ഉണ്ട്.

(ബി, സി)

1. വിദ്യാധിരാജാ വിദ്യാമന്ദിർ എച്ച്. എസ്. തിരുവനന്തപുരം.

2. കാർമൽകോൺവെന്റ് ഗേൾസ് ഹൈസ്കൂൾ, തിരുവനന്തപുരം.

3. നെഹറു മെമ്മോറിയൽ എച്ച്. എസ്. കൈതക്കുഴി, കൊല്ലം.

1. വിദ്യാധിരാജ സ്കൂളിന്റെ അംഗീകാരം പിൻവലിച്ചത്, ചട്ട പ്രകാരം ആവശ്യമായ ഭൂമി ഇല്ലാത്തതുകൊണ്ടാണ്.

2. കുട്ടികളുടെ പ്രവേശനത്തിനു അനധികൃതമായി പ്രവേശന പരീക്ഷ നടത്തുകയും സംഭാവന പിരിക്കുകയും ചെയ്തു എന്ന കാരണത്താൽ ആണ് കാർമൽ സ്കൂളിന്റെ അംഗീകാരം പിൻവലിച്ചത്.

3. കുട്ടികളുടെ പ്രവേശനത്തിനു അനധികൃതമായ സംഭാവന പിരിക്കുക തുടങ്ങിയ കെ. ഇ. റൂളുകളുടെ ലംഘനമാണു നെഹ്റു മെമ്മോറിയൽ ഹൈസ്കൂളിന്റെ അംഗീകാരം പിൻവലിക്കാൻ കാരണം.

LIBRARY ARCHIVES Kerala Legislative Assembly